# Mother Teresa's Canonisation

## Homily of His Holiness Pope Francis

*'Let us carry her smile in our hearts,' Pope Francis told the faithful in St Peter's Square*

"Who can learn the counsel of God?" (Wis 9:13). This question from the Book of Wisdom that we have just heard in the first reading suggests that our life is a mystery and that we do not possess the key to understanding it. There are always two protagonists in history: God and man. Our task is to perceive the call of God and then to do his will. But in order to do his will, we must ask ourselves, "What is God's will in my life?"

We find the answer in the same passage of the Book of Wisdom: "People were taught what pleases you" (Wis 9:18). In order to ascertain the call of God, we must ask ourselves and understand what pleases God. On many occasions the prophets proclaimed what was pleasing to God. Their message found a wonderful synthesis in the words "I want mercy, not sacrifice" (Hos 6:6; Mt 9:13). God is pleased by every act of mercy, because in the brother or sister that we assist, we recognize the face of God which no one can see (cf. Jn 1:18). Each time we bend down to the needs

of our brothers and sisters, we give Jesus something to eat and drink; we clothe, we help, and we visit the Son of God (cf. Mt 25:40).

We are thus called to translate into concrete acts that which we invoke in prayer and profess in faith. There is no alternative to charity: those who put themselves at the service of others, even when they don't know it, are those who love God (cf. 1 Jn 3:16-18; Jas 2:14-18). The Christian life, however, is not merely extending a hand in times of need. If it is just this, it can be, certainly, a lovely expression of human solidarity which offers immediate benefits, but it is sterile because it lacks roots. The task which the Lord gives us, on the contrary, is the vocation to charity in which each of Christ's disciples puts his or her entire life at his service, so to grow each day in love.

We heard in the Gospel, "Large crowds were travelling with Jesus" (Lk 14:25). Today, this "large crowd" is seen in the great number of volunteers who have come together for the Jubilee of Mercy. You are that crowd who follows the Master and who makes visible his concrete love for each person. I repeat to you the words of the Apostle Paul: "I have indeed received much joy and comfort from your love, because the hearts of the saints have been refreshed through you" (Philem 1:7). How many hearts have been comforted by volunteers! How many hands they have held; how many tears they have wiped away; how much love has been poured out in hidden,

humble and selfless service! This praiseworthy service gives voice to the faith and expresses the mercy of the Father, who draws near to those in need.

Following Jesus is a serious task, and, at the same time, one filled with joy; it takes a certain daring and courage to recognize the divine Master in the poorest of the poor and to give oneself in their service. In order to do so, volunteers, who out of love of Jesus serve the poor and the needy, do not expect any thanks or recompense; rather they renounce all this because they have discovered true love. Just as the Lord has come to meet me and has stooped down to my level in my hour of need, so too do I go to meet him, bending low before those who have lost faith or who live as though God did not exist, before young people without values or ideals, before families in crisis, before the ill and the imprisoned, before refugees and immigrants, before the weak and defenceless in body and spirit, before abandoned children, before the elderly who are on their own. Wherever someone is reaching out, asking for a helping hand in order to get up, this is where our presence – and the presence of the Church which sustains and offers hope – must be.

Mother Teresa, in all aspects of her life, was a generous dispenser of divine mercy, making herself available for everyone through her welcome and defence of human life, those unborn and those abandoned and discarded. She was committed to defending

life, ceaselessly proclaiming that "the unborn are the weakest, the smallest, the most vulnerable". She bowed down before those who were spent, left to die on the side of the road, seeing in them their God-given dignity; she made her voice heard before the powers of this world, so that they might recognize their guilt for the crime of poverty they created. For Mother Teresa, mercy was the "salt" which gave flavour to her work, it was the "light" which shone in the darkness of the many who no longer had tears to shed for their poverty and suffering.

Her mission to the urban and existential peripheries remains for us today an eloquent witness to God's closeness to the poorest of the poor. Today, I pass on this emblematic figure of womanhood and of consecrated life to the whole world of volunteers: may she be your model of holiness! May this tireless worker of mercy help us to increasingly understand that our only criterion for action is gratuitous love, free from every ideology and all obligations, offered freely to everyone without distinction of language, culture, race or religion. Mother Teresa loved to say, "Perhaps I don't speak their language, but I can smile". Let us carry her smile in our hearts and give it to those whom we meet along our journey, especially those who suffer. In this way, we will open up opportunities of joy and hope for our many brothers and sisters who are discouraged and who stand in need of understanding and tenderness. Amen.

# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

**Prot. No. CPL 1/2016** **06.08.2016**

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.**

**ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടികളുടെ മേജർ അതിരൂപതാതല സമാപനം**

**അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാൻമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!**

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ജനയിതാവും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പും തിരുവനന്തപുരം അതിരൂപതയുടെ ഒന്നാമത്തെ ആർച്ചുബിഷപ്പുമായിരുന്ന നമ്മുടെ പുണ്യപിതാവ് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ വിശുദ്ധ പദവിയിലേക്കുള്ള നാമകരണ നടപടികളുടെ ഭാഗമായി നമ്മുടെ മേജർ അതിരൂപതാ തലത്തിലുള്ള നടപടിക്രമങ്ങൾ (Canonical Process) പൂർത്തിയായി എന്ന വാർത്ത സസന്തോഷം സഭയുടെ ഇടയന്മാരും പുരോഹിതരും സമർപ്പിതരും മക്കളുമായ നിങ്ങളെ എല്ലാവരെയും അറിയിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇത്തരുണത്തിൽ, നമ്മെ എല്ലായ്പ്പോഴും വാത്സല്യത്തോടെ സംരക്ഷിച്ച് വഴിനടത്തുന്ന പരമകാരുണ്യവാനായ ദൈവത്തിന് ഞാൻ ഹൃദയംനിറഞ്ഞ നന്ദി സമർപ്പിക്കുന്നു.

2016 ആഗസ്റ്റ് 25-ാം തീയതി തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ വച്ചു നമ്മുടെ സഭയിലെ അഭിവന്ദ്യ പിതാക്ക ന്മാരും ബഹു. വൈദികരും സഹകാർമ്മികരായി അർപ്പിക്കുന്ന വി. സമൂഹ ബലിയോടെയാണ് ശുശ്രൂഷകൾക്ക് തുടക്കം കുറിക്കുന്നത്.

കൃതജ്ഞതാ ബലിയർപ്പണത്തിനുശേഷം കത്തീഡ്രലിൽ വച്ചുതന്നെ തുടർനടപടികൾ നടക്കുന്നതാണ്. നാമകരണ നടപടികളുടെ ഭാഗമായി നമ്മുടെ മേജർ അതിഭദ്രാസന തലത്തിലുള്ള സമാപനവുമായി ബന്ധപ്പെട്ട രേഖകൾ സീൽചെയ്ത് ഒപ്പുവയ്ക്കുന്നതും അതിനാമുഖമായി നാമകരണ നടപടികളുമായി ബന്ധപ്പെട്ടവരുടെ സത്യപ്രതിജ്ഞ നടക്കുന്നതുമാണ്. രാവിലെ 11.30-ന് ശുശ്രൂഷകളും ചടങ്ങുകളും അവസാനിക്കുന്നതാണ്. കൃതജ്ഞതാ ബലിയർപ്പണത്തിനും തുടർന്നു നടക്കുന്ന കാനോനിക നടപടിക്രമങ്ങളിലും സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുന്നതിന് നിങ്ങളെ ഏവരെയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

നമ്മുടെ മേജർ അതിരൂപതാ തലത്തിലുള്ള കാനോനിക നടപടികളുടെ പൂർത്തീകരണത്തിനുശേഷം, സൂക്ഷ്മപഠനാനന്തരം ചുമതലപ്പെട്ടവർ തയ്യാറാക്കിയ 97000 പേജുള്ള ഡോക്യുമെന്റ്സ് വിശുദ്ധ നാമകരണ നടപടികൾക്കായുള്ള തിരുസംഘത്തിൽ (Congregation for the Cause of Canonisation of Saints) ന്യൂഡൽഹി യിലെ അപ്പസ്തോലിക കാര്യാലയം (Apostolic Nunciature) വഴി സമർപ്പിക്കുന്നതും റോമിലെ തിരുസംഘം മാർ ഈവാനിയോസ് തിരുമേനിയുടെ വിശുദ്ധ പദവിക്കായുള്ള നാമകരണ നടപടികൾ തുടരുന്നതുമായിരിക്കും. ഇപ്പോഴുള്ള ദൈവദാസൻ എന്ന പദവിയിൽ നിന്നും ധന്യൻ, വാഴ്ത്തപ്പെട്ടവൻ, വിശുദ്ധൻ എന്നീ ഉയർന്ന പദവികളിലേക്കാണ് നമ്മുടെ പുണ്യപിതാവ് ഇനിയും ഉയർത്തപ്പെടു വാനുള്ളത്. സ്വർഗ്ഗത്തിന്റെ ഇഷ്ടത്തിൽ മാത്രമാണ് ഒരാൾ വിശുദ്ധ പദവിയിലെത്തിച്ചേരുന്നത് എന്നോർക്കുമ്പോൾ ഈ വിഷയത്തിലു ണ്ടാകേണ്ട കൂടുതൽ പ്രാർത്ഥനയെക്കുറിച്ച് നമുക്ക് ഉറച്ച ബോധ്യ മുണ്ടാകണം. ആയതിനാൽ ഈ നിയോഗത്തിൽ കൂടുതൽ പ്രാർത്ഥി ക്കണമെന്ന് ഏവരെയും ഞാൻ ഹൃദയപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

നാമകരണ നടപടികൾക്ക് തുടക്കം കുറിച്ച ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ തിരുമേനിയെ ഇത്തരുണത്തിൽ പ്രത്യേകം കൃതജ്ഞതയോടെ ഓർക്കുന്നു. നമ്മുടെ സഭയുടെയും തിരുവനന്തപുരം മേജർ അതിരൂപതയുടെയും ചുമതല ഞാൻ ഏറ്റെടുത്ത ശേഷം നാമകരണ നടപടികളെക്കുറിച്ച് പരിശുദ്ധ സുന്നഹദോസിൽ പങ്കുവച്ച നിമിഷം മുതൽ ഇന്നുവരെ നമ്മുടെ അഭിവന്ദ്യ പിതാക്കന്മാർ എല്ലാവരും നൽകിവരുന്ന വലിയ പിൻബലത്തിനും പ്രാർത്ഥനയ്ക്കും ഞാൻ പ്രത്യേകം നന്ദി അർപ്പിക്കുന്നു.

നാമകരണ നടപടികളുടെ ഔദ്യോഗിക അപേക്ഷകരായ (Petitioners) തിരുവനന്തപുരം മേജർ അതിരൂപതയേയും ബഥനി ആശ്രമത്തേയും ബഥനി മഠത്തേയും മേരീമക്കൾ മഠത്തേയും കൃതജ്ഞതാപൂർവ്വം സ്മരിക്കുകയും നൽകിയ സഹായങ്ങൾക്ക് പ്രത്യേകം നന്ദി അർപ്പിക്കുകയും ചെയ്യുന്നു. നാമകരണ നടപടികളുടെ പോസ്റ്റുലേറ്ററായി സേവനം അനുഷ്ഠിച്ച അഭിവന്ദ്യ ഡോ. തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായ്ക്കും വൈസ് പോസ്റ്റുലേറ്റർ റവ. ഡോ. സിസ്റ്റർ സാന്ദ്ര എസ്.ഐ.സി.യ്ക്കും ഹൃദയംനിറഞ്ഞ നന്ദി സഭയുടെ നാമത്തിൽ ഞാൻ അർപ്പിക്കുന്നു. ചരിത്ര കമ്മീഷന്റെ അദ്ധ്യക്ഷൻ റവ. ഡോ. ജെയിംസ് പുതുപറമ്പിൽ ഒ.ഐ.സി., അംഗങ്ങളായി പ്രവർത്തിച്ച റവ. ഡോ. ചെറിയാൻ വാരിക്കാട്ട് അച്ചൻ, റവ. ഫാ. പ്രഭീഷ് ജോർജ്ജ്, റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ എന്നിവർക്കും, എപ്പിസ്കോപ്പൽ ഡെലഗേറ്റ് റവ. ഡോ. മൈക്കിൾ വട്ടപ്പലം, പ്രൊമോട്ടർ ഓഫ് ജസ്റ്റീസ് റവ. ഡോ. സാജു അഗസ്റ്റിൻ കൂട്ടോടി പുത്തൻപുരയിൽ സി.എസ്.ടി, നോട്ടറി റവ. സിസ്റ്റർ ജോസ് മേരി എസ്.എച്ച്, അഡ്ജന്റ് നോട്ടറി പ്രൊഫ. പുഷ്പ അഗസ്റ്റിൻ എന്നിവരോടുള്ള പ്രത്യേക നന്ദി അറിയിക്കട്ടെ. അനേകം ബഹു. വൈദികരും സിസ്റ്റേഴ്സും വൈദിക വിദ്യാർത്ഥികളും അത്മായ പ്രേഷിതരും യുവജനങ്ങളും ആത്മാർത്ഥമായി ഓരോ ഘട്ടത്തിലും നാമകരണ നടപടികളിൽ സഹായിച്ചിട്ടുള്ളത് കൃതജ്ഞതയോടെ സ്മരിക്കുന്നു.

**ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും, സകലവിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.**

**എന്ന്,**

**കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,**

+Baselios Cleemis

✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്
**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ**
**മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാ ബാവാ.**

# ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടികളുടെ മേജർ അതിരൂപതാ നാൾവഴികൾ

1. **ജൂലൈ 15, 1997 –** നാമകരണ നടപടികൾ ആരംഭിക്കാനുള്ള അപേക്ഷ ബഥനി സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായിരുന്ന വെരി. റവ. ഫാ. ജെറോം പീടികപറമ്പിൽ ഓ.ഐ.സി., ബഥനി സന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ മദർ ഫിലോമിന എസ്.ഐ.സി., മേരിമക്കൾ സന്യാസിനീ സമൂഹത്തിന്റെ മദർ ജനറൽ മദർ ഫെലിക്സ് ഡി.എം. ഉം ചേർന്ന് തിരുവനന്തപുരം അതിഭദ്രാസനാദ്ധ്യക്ഷൻ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിക്ക് സമർപ്പിച്ചു.

2. **ഫെബ്രുവരി 25, 1998 –** റവ. ഡോ. ആന്റണി വലിയവിളയിൽ ഓ.ഐ.സി.യെ നാമകണ നടപടികളുടെ പോസ്റ്റുലേറ്ററായി തിരുവനന്തപുരം അതിഭദ്രാസനാദ്ധ്യക്ഷൻ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി നിയമിച്ചു.

3. **ജൂലൈ 15, 2005 –** നാമകരണ നടപടികൾ ഔദ്യോഗികമായി ആരംഭിക്കുവാനുള്ള അപേക്ഷ പോസ്റ്റുലേറ്റർ, മേജർ ആർച്ചു ബിഷപ്പ് മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായ്ക്ക് സമർപ്പിച്ചു.

4. **ജനുവരി 18, 2007 –** ഭാഗ്യസ്മരണാർഹനായ സിറിർ ബസേലിയോസ് കാതോലിക്കാബാവാ കാലം ചെയ്തു.

5. **മാർച്ച് 5, 2007 –** മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെയും തിരുവനന്തപുരം മേജർ അതിഭദ്രസന ത്തിന്റെയും അദ്ധ്യക്ഷനായി സ്ഥാനമേറ്റു. തുടർന്ന്, മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ

നാമകരണ നടപടികൾ തുടരുന്നതിന് പോസ്റ്റുലേറ്ററോട് ആവശ്യപ്പെടുകയും, വിഷയം മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിൽ അവതരിപ്പിക്കുകയും ചെയ്തു.

6. **ജൂലൈ 14 – 2007 –** നാമകരണ നടപടികളുടെ ആദ്യഘട്ടമെന്ന നിലയിൽ പരിശുദ്ധ സുന്നഹദോസിന്റെ ആലോചനയിൽ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ മാർ ഈവാനിയോസ് തിരുമേനിയെ ദൈവദാസനായി പ്രഖ്യാപിച്ചു.

7. **നവ. 11, 2009 –** റോമിലെ വിശുദ്ധരുടെ നാമകരണത്തിനായുള്ള അപ്പസ്തോലിക തിരുസംഘത്തിലേക്ക് നാമകരണ നടപടികളുടെ തുർന്നുള്ള നടത്തിപ്പിൽ നയ്യാമിക തടസ്സങ്ങളില്ല (Nihil Obstat) എന്നുള്ള രേഖ ലഭിക്കുകന്നതിനായി കാതോലിക്കാബാവാ അപേക്ഷ സമർപ്പിക്കുകയും അത് ലഭിക്കുകയും ചെയ്തു.

8. **ഡിസം. 15, 2009 –** നാമകരണ നടപടികൾക്കാവശ്യമായ ചരിത്ര കമ്മീഷൻ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ സ്ഥാപിച്ചു. ഇതിന്റെ ചെയർമാനായി റവ. ഡോ. ജെയിംസ് പുതുപറമ്പിൽ ഓ.ഐ.സി.യും റവ. ഡോ. ചെറിയാൻ വാരിക്കാട്ട്, റവ. ഫാ. പ്രഭീഷ് ജോർജ്ജ് എന്നിവരെയും നിയമിച്ചു. തുടർന്ന് റവ. ഫാ. പ്രഭീഷ് ജോർജ്ജിന്റെ സ്ഥാനത്ത് റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ നിയമിതനായി.

9. **ഏപ്രിൽ 14, 2011 –** തിരുവനന്തപുരം മേജർ അതിഭദ്രാസനം നാമകരണ നടപടികളുടെ പെറ്റീഷണറാകുന്നതിനുള്ള അപേക്ഷ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ പരിശുദ്ധ സിംഹാസനത്തിന് സമർപ്പിച്ചു.

10. **ജൂൺ 14, 2011 –** നാമകരണ നടപടികളുടെ വൈസ് പോസ്റ്റുലേറ്ററായി റവ. സിസ്റ്റർ ഡോ.സാന്ദ്ര എസ്.ഐ.സി.യെ മോറാൻ

മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ നിയമിച്ചു.

11. **ജൂൺ 14, 2011 –** നാമകരണ നടപടികൾക്കാവശ്യമായ ദൈവശാസ്ത്ര കമ്മീഷനെ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ നിയമിച്ചു.

12. **ജൂൺ 14, 2011 –** കാതോലിക്കാബാവാ തിരുമേനി നാമകരണ നടപടികളുടെ ഭാഗമായി രൂപതാതലത്തിലുള്ള അന്വേഷണ കമ്മീഷൻ സ്ഥാപിച്ചു. റവ. ഡോ. മൈക്കിൾ വട്ടപ്പലം എപ്പിസ്കോപ്പൽ ഡെലഗേറ്റായും റവ. ഫാ. സാജു അഗസ്റ്റിൻ സി.എസ്.ടി. നീതിന്യായ നടത്തിപ്പുകാരനായും നിയമിതരായി. റവ. സി. ജോസ് മേരി എസ്.എച്ച്. നോട്ടറിയായും പ്രോഫ. പുഷ്പ അഗസ്റ്റിൻ വൈസ് നോട്ടറിയായും നിയമിതരായി.

13. **ആഗസ്റ്റ് 18, 2011 –** റോമിലെ പരിശുദ്ധ സിംഹാസനം തിരുവനന്തപുരം മേജർ അതിഭദ്രാസനത്തെ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികളുടെ പെറ്റീഷണറായി അംഗീകരിച്ചു.

14. **ജൂൺ 23, 2014 –** മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബർ തുറന്ന് ഭൗതീകാവശിഷ്ടങ്ങൾ കാനോനികമായി പരിശോധിക്കുകയും ഔദ്യോഗികമായി സ്ഥിരീകരിക്കുകയും ചെയ്തു.

15. **ആഗസ്റ്റ് 25, 2016 –** നാമകരണ നടപടികളുടെ മേജർ അതിഭദ്രാസന തലത്തിലുള്ള സമാപനം സെന്റ് മേരീസ് കത്തീഡ്രലിൽ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തുന്നു.

# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 4/2016 01.09.2016

## സർക്കുലർ

### 86–ാം പുനരൈക്യ വാർഷിക സഭാസംഗമവും കർണ്ണാടക സംസ്ഥാനത്ത് മലങ്കര സുറിയാനി കത്തോലിക്കാ മിഷൻ സ്ഥാപിതമായതിന്റെ സുവർണ്ണ ജൂബിലിയും

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

ഭാരത ക്രൈസ്തവ ചരിത്രത്തിൽ പുതിയൊരു സഭാനവീകരണത്തിന് തുടക്കംകുറിച്ച, പുനരൈക്യ പ്രസ്ഥാനത്തിന്റെ 86–ാം വാർഷികവും കർണ്ണാടക സംസ്ഥാനത്ത് മലങ്കര സുറിയാനി കത്തോലിക്കാ മിഷൻ സ്ഥാപിതമായതിന്റെ സുവർണ്ണ ജൂബിലിയും സഭാസംഗമമായി പുത്തൂർ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ 2016 സെപ്റ്റംബർ 17,18 (ശനി, ഞായർ) തീയതികളിൽ സൗത്ത് കാനറായിലെ നൂജ്ബാൽത്തില പ്രോ–കത്തീഡ്രൽ അങ്കണത്തിൽ വച്ച് ആഘോഷിക്കപ്പെടുന്നുവെന്നത് നമുക്കേവർക്കും വലിയ അഭിമാനവും സന്തോഷവും പകരുന്നു. പുനരൈക്യമെന്ന സഭൈക്യ പ്രസ്ഥാനത്തിന്റെ അമരക്കാരൻ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധ പദവിയിലേക്കുള്ള നാമകരണനടപടികളുടെ കാനോനിക അന്വേഷണങ്ങളുടെ മേജർ അതിഭദ്രാസനതല സമാപനം നടന്നിരിക്കുന്ന ഈ സന്ദർഭത്തിൽ സഭയൊന്നായി ദൈവത്തിന് നന്ദിപറയുന്നതിനുള്ള ഒരവസരമാണിത്. “നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്ക് തന്ന മഹത്വം അവർക്ക് ഞാൻ നൽകിയിരിക്കുന്നു” (യോഹ. 17:22) എന്ന സുവിശേഷവചനമാണ് ഈ വർഷത്തെ സഭാസംഗമത്തിന്റെ മുഖ്യപ്രമേയം.

മാർത്തോമ്മാശ്ലീഹായുടെ പാരമ്പര്യം മലങ്കരയിൽ ശിഥിലമാകരുത്

എന്ന് അതിയായി ആഗ്രഹിച്ച ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അതിനുള്ള ഏകമാർഗ്ഗം സാർവ്വത്രിക സഭയുമായുള്ള ഐക്യമാണെന്ന് പ്രാർത്ഥനയിലൂടെയും തപസ്സിലൂടെയും കണ്ടെത്തി.  താൻ അംഗമായിരുന്ന മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് അതിനുള്ള പ്രാരംഭ നടപടികൾ 1926 നവംബർ ഒന്നിന് ആരംഭിക്കുകയും 1930 സെപ്റ്റംബർ 20-ന് അത് ഫലമണിയുകയും ചെയ്തു. മലങ്കരയുടെ മണ്ണിൽ കാതോലിക്കേറ്റ് സ്ഥാപിച്ചെടുക്കാൻ മുൻകൈയെടുത്ത വന്ദ്യ പിതാവ്, സ്വയം ത്യജിക്കലിലൂടെ മാത്രമേ ശാശ്വത സമാധാനം സംസ്ഥാപിതമാകുകയുള്ളൂ എന്ന് ഉറച്ച് വിശ്വസിച്ചിരുന്നു.  ജോബിനെപ്പോലെ പ്രതികൂലസാഹചര്യങ്ങളിൽ ദൈവബന്ധം കാത്തുസൂക്ഷിച്ചതിന്റെ പ്രതിസമ്മാനമാണ് ഇന്ന് മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ വളർച്ചയുടെ രഹസ്യം. 'എല്ലാം ത്യജിച്ചവന് സ്വർഗ്ഗം കൂട്ടായി എത്തി' എന്നത് വന്ദ്യപിതാവിന്റെ ജീവിതത്തിലൂടെ അന്വർത്ഥമാകുകയായിരുന്നു. ആ സാക്ഷ്യത്തിന് സ്വർഗ്ഗം കൈയൊപ്പ് ചാർത്തിയപ്പോൾ വന്ദ്യപിതാവിന്റെ  ജീവിതവും അതിലൂടെ നേടിയെടുത്ത സഭാകൂട്ടായ്മയും ലോകത്തിന് മാതൃകയായി വളരാനുള്ള ഭാഗ്യം പിന്നിട്ട 86 വർഷങ്ങളിലൂടെ ദൈവം നമുക്ക് ഒരുക്കിതന്നു.

1932 ജൂൺ 11-ന് തിരുവനന്തപുരം അതിഭദ്രാസനവും തിരുവല്ലാ ഭദ്രാസനവും രൂപീകൃതമായി. 1950 കാലഘട്ടത്തിലാണ് കർണ്ണാടക സംസ്ഥാനത്തിന്റെ ദക്ഷിണഭാഗത്തേക്ക് മലങ്കര മക്കൾ കുടിയേറ്റം ആരംഭിക്കുന്നത്. 1958 ഫെബ്രുവരി 14-ാം തീയതി പരിശുദ്ധസിംഹാസനം പുറപ്പെടുവിച്ച പ്രത്യേക പ്രഖ്യാപനത്തിലൂടെ (Prot. No. 534/53) തിരുവല്ലാ ഭദ്രാസനത്തിന്റെ പ്രവർത്തനമണ്ഡലം കർണ്ണാടക സംസ്ഥാനത്തേക്ക് വ്യാപിപ്പിച്ചു. 1960 ൽ തിരുവല്ലാ ഭദ്രാസനത്തിന്റെ ത്രിതീയാദ്ധ്യക്ഷൻ ഭാഗ്യസ്മരണാർഹനായ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്താ കർണ്ണാടക സംസ്ഥാനത്തെ മിഷൻ സാധ്യതകളെപ്പറ്റി പഠിക്കുകയും ദിവംഗതനായ നേര്യംപറമ്പിൽ തോമസ് അച്ചനെ അതിനായി നിയോഗിക്കുകയും ചെയ്തു. തുടർന്ന് 1967-ൽ റവ. ഫാ. ഐസക് കൂട്ടപ്ളാക്കൽ (ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്താ) ആദ്യമായി ആ പ്രദേശത്ത് മലങ്കര കുർബാന അർപ്പിക്കുകയും സൗത്ത് കാനറായിലെ പ്രഥമ വികാരിയായി റവ. ഫാ. തോമസ് താന്നിക്കാകുഴി നിയമിതനാവുകയും ചെയ്തു. 1978 ഒക്ടോബർ 28-ന് ബത്തേരി ഭദ്രാസനം സ്ഥാപിതമായപ്പോൾ ഈ പ്രദേശങ്ങൾ അതിന്റെ ഭാഗമായിത്തീർന്നു. ബത്തേരി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ഭാഗ്യസ്മരണാർഹനായ സിറിൽ മാർ ബസേ

ലിയോസ് തിരുമേനിയുടെ (മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവ) നേതൃത്വത്തിൽ ബത്തേരി രൂപതയുടെ ബാലാരിഷ്ടതകൾക്കിടയിലും കർണാടകയിലെ സഭയുടെ നാനാവിധമായ വളർച്ചയെ പരിപോഷിപ്പിക്കുകയും കർണാടകത്തിലെ സൗത്ത് കാനറ വൈദിക ജില്ലയിലെ മിഷൻ പ്രവർത്തനത്തിന് ബഥനി ആശ്രമത്തെ പ്രത്യേകമായി നിയോഗിക്കുകയും ചെയ്തു. കർണാടകയുടെ മറ്റു പ്രദേശങ്ങളിൽ ബത്തേരി ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികർ സേവനനിരതരായി. സംഘാതാത്മകമായ ഈ പ്രവർത്തനങ്ങളുടെയെല്ലാം ഫലമായി നിരവധി ഇടവകകൾ, കൂട്ടായ്മകൾ രൂപീകൃതമായി.

ഈ പ്രദേശത്തിന്റെ പ്രത്യേക അജപാലന ശുശ്രൂഷകൾ മുൻനിറുത്തി പരിശുദ്ധസിംഹാസനത്തിന്റെ അനുമതിയോടെ 2010 ജനുവരി 25-ന് (Prot. No. 2/2010) നമ്മുടെ സഭയുടെ പരിശുദ്ധ സുന്നഹദോസിന്റെ ആലോചനയിൽ സഭാദ്ധ്യക്ഷൻ എന്ന നിലയിൽ ഞാൻ ബത്തേരി ഭദ്രാസനം വിഭജിച്ച് പുത്തൂർ ഭദ്രാസനം സ്ഥാപിക്കുകയും അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായെ പുത്തൂർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി നിയമിക്കുകയും ചെയ്തു. ബത്തേരി ഭദ്രാസനത്തിൽ നിന്നും ബഥനി സന്യാസ സമൂഹത്തിൽ നിന്നും ബഹുമാനപ്പെട്ട വൈദികർ ഈ പ്രദേശത്തെ മിഷൻ ശുശ്രൂഷയിൽ വ്യാപൃതരാകുകയും പുതിയ മിഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും വിദ്യാഭ്യാസ-ആതുര സ്ഥാപനങ്ങൾ തുടങ്ങാൻ നേതൃത്വം നൽകുകയും ചെയ്തു. ബഥനി സന്യാസിനീ സമൂഹവും മേരിമക്കൾ സമൂഹവും ഹോളിസ്പിരിറ്റ് സമൂഹവും ദീനസേവനസന്യാസിനീ സമൂഹവും നിസ്തുലമായ സേവനങ്ങൾ ഈ പ്രദേശത്ത് നൽകി. ഇത് ഇന്നത്തെ പുത്തൂർ ഭദ്രാസനത്തിലെ വിവിധ പ്രദേശങ്ങളിലുള്ള മലങ്കര മക്കളെ ഒരുമിച്ചു കൂട്ടുന്നതിനുള്ള പ്രയത്നങ്ങൾക്ക് കൂടുതൽ ഉണർവ് പകർന്നു. മിഷൻപ്രവർത്തനങ്ങളുടെ 50 വർഷം പിന്നിടുന്ന ഈ വേളയിൽ അതിന് നേതൃത്വം കൊടുത്ത ഏവരെയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

സഭാസംഗമവും, 86-ാം പുനരൈക്യ വാർഷികാഘോഷവും കർണ്ണാടക മലങ്കര സുറിയാനി കത്തോലിക്കാ മിഷന്റെ സുവർണ്ണജൂബിലിയും പുത്തൂർ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെയാണ് സഭയൊന്നാകെ ആഘോഷിക്കുന്നത്. ആ പ്രദേശത്തെ പ്രത്യേകമായ സാഹചര്യങ്ങൾ പരിഗണിച്ച് 2016 സെപ്റ്റംബർ 17,18 തീയതികളിൽ ഭദ്രാസനത്തിന്റെ പ്രോ-കത്തീഡ്രൽ സ്ഥിതിചെയ്യുന്ന നൂജിബാൽത്തില മാർ ഈവാനിയോസ് നഗറിൽ വച്ചായിരിക്കും

ആഘോഷപരിപാടികൾ നടത്തപ്പെടുന്നത്. സെപ്റ്റംബർ 17-ാം തീയതി രാവിലെ എം.സി.വൈ.എം. അന്തർദേശീയ ക്വിസ് മത്സരവും ഉച്ചകഴിഞ്ഞ് പുനരൈക്യ പ്രേഷിത വിളംബരറാലി, ദീപശിഖാപ്രയാണം, കുടുംബസംഗമം എന്നിവയും നടക്കും. വൈകിട്ട് സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ സുവിശേഷസന്ധ്യയും വചനാധിഷ്ഠിത കലാപരിപാടികളും ഉണ്ടായിരിക്കും. 18-ാം തീയതി ഞായറാഴ്ച രാവിലെ എട്ടു മണിക്ക് നടക്കുന്ന ആഘോഷമായ സമൂഹബലിയോടെയും പൊതുസമ്മേളനത്തോടെയും 86-ാം പുനരൈക്യ വാർഷിക ആഘോഷങ്ങൾക്ക് സമാപനം കുറിക്കും. ആഘോഷക്രമീകരണങ്ങൾക്ക് പുത്തൂർ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെയും വികാരി ജനറാൾ വന്ദ്യ മോൺ. ഡോ. ജോർജ്ജ് കാലായിൽ അച്ചന്റെയും നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു.

പുനരൈക്യസംഗമവേദികൾ നമ്മുടെ കൂട്ടായ്മയുടെ ചരിത്രപരമായ സാക്ഷ്യത്തിന്റെ പ്രതിരൂപങ്ങളാണ്. കർണ്ണാടകയുടെ മണ്ണിൽ ഇദംപ്രഥമമായി ഈ ആഘോഷം നാം സംഘടിപ്പിക്കുമ്പോൾ ആ പ്രദേശത്തുള്ള നമ്മുടെ മലങ്കരമക്കളോടുള്ള സഭാകൂട്ടായ്മയും ഐക്യദാർഢ്യവും പ്രകടിപ്പിക്കാനുള്ള നല്ലൊരു അവസരമാണ് നമുക്ക് കൈവന്നിരിക്കുന്നത്. അനുഗ്രഹീതമായ ഈ ആഘോഷങ്ങളിൽ പങ്കെടുത്ത് പരിപാടികളെ സജീവമാക്കുവാനും വിജയിപ്പിക്കുവാനും ഓരോ മലങ്കര വിശ്വാസിക്കും പ്രത്യേകമായ കടമയും ഉത്തരവാദിത്വവും ഉണ്ട്. അങ്ങനെ നമ്മുടെ സഭാത്മകകൂട്ടായ്മ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നിങ്ങളേവരെയും ഹൃദയപൂർവ്വം ഞാൻ ക്ഷണിക്കുന്നു. സാന്നിധ്യംകൊണ്ടും പ്രാർത്ഥനകൊണ്ടും സാമ്പത്തിക സഹായം കൊണ്ടും പുത്തൂർ ഭദ്രാസനത്തിലെ ഇദംപ്രഥമമായ ഈ സഭാസംഗമം അവിസ്മരണീയമാക്കുവാൻ ഏവരെയും സ്നേഹപൂർവ്വം ഞാൻ ആഹ്വാനം ചെയ്യുന്നു.

## ബത്തേരി കത്തീഡ്രൽ ദൈവാലയ കൂദാശ

2016 സെപ്റ്റംബർ 19, 20 തീയതികളിലായി ബത്തേരി സെന്റ് തോമസ് കത്തീഡ്രൽ ദൈവാലയത്തിന്റെ മൂറോൻ കൂദാശ ക്രമീകരിച്ചിരിക്കുകയാണ്. 19-ാം തീയതി അഭിവന്ദ്യ പിതാക്കന്മാർക്കും വിശിഷ്ഠാതിഥികൾക്കും സ്വീകരണവും കൂദാശയുടെ ഒന്നാംഭാഗവും നടക്കും. 20-ാം തീയതി കൂദാശയുടെ രണ്ടാം ഭാഗവും ആഘോഷമായ വിശുദ്ധ കുർബാനയും എക്യുമെനിക്കൽ സമ്മേളനവും ഉണ്ടായിരിക്കും. ബത്തേരി ഭദ്രാസനത്തിന്റെ ദീർഘനാളത്തെ സ്വപ്നമാണ് സാക്ഷാത്കരിക്കപ്പെടുന്നത്. കത്തീഡ്രൽ ദൈവാലയത്തിന്റെ പണികൾ

പൂർത്തീകരിച്ച് മനോഹരമായ ഒരു ദൈവാലയം രൂപീകരിക്കാൻ നേതൃത്വം കൊടുത്ത ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായെ സഭയുടെ പേരിൽ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. കത്തീഡ്രൽ ഇടവകയുടെ സ്ഥാപകൻ ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ തിരുമേനിയെയും കത്തീഡ്രൽ ഇടവകയുടെ വികാരിയും പിന്നീട് ഭദ്രാസനാദ്ധ്യക്ഷനുമായ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായെയും ബഹുമാനപ്പെട്ട മുൻ വികാരിമാരെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലാകാലങ്ങളിൽ നേതൃത്വം നൽകിയ ബഹു. വൈദികരെയും ഇപ്പോഴത്തെ വികാരി വന്ദ്യ മോൺ. ഡോ. വർഗീസ് താന്നിക്കാകുഴി അച്ചനെയും കത്തീഡ്രൽ ഇടവകയിലെ എല്ലാ കുടുംബങ്ങളെയും പ്രാർത്ഥനകൊണ്ടും സാമ്പത്തിക സഹായങ്ങൾകൊണ്ടും ഔദാര്യപൂർവ്വമായ പിൻബലം നൽകിയ ഏവരെയും വിശിഷ്യ ബത്തേരി ഭദ്രാസനത്തിലെ ബഹു. വൈദികരേയും, സന്യാസിനീ സന്യാസികളെയും ദൈവജനത്തെയും പ്രത്യേകം നന്ദിയോടെ ഓർക്കുകയും അഭിനന്ദനം അറിയിക്കുകയും ചെയ്യുന്നു. മലമുകളിൽ പണിയപ്പെട്ട ഭവനം പോലെ അനേകർക്ക് ഈ ദൈവാലയം അനുഗ്രഹവും ആശ്രയവുമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഏവരെയും സർവ്വശക്തനായ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

01.09.2016
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

# അമലഗിരി വാർത്തകൾ

**വി. മദർ തെരേസ**

അഗതികളുടെ അമ്മ, മദർ തെരേസയെ വിശുദ്ധയായി പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 04 സെപ്തംബർ 2016-ൽ വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ബസിലിക്കായിൽ അർപ്പിച്ച വി. കുർബ്ബാന മദ്ധ്യേ പ്രഖ്യാപിച്ചു. വിശുദ്ധ പദപ്രഖ്യാപന ത്തോടനുബന്ധിച്ച് വത്തിക്കാനിൽ നടത്തിയ വിവിധ തിരു കർമ്മങ്ങളിൽ വന്ദ്യപിതാവ് സംബന്ധിച്ചു.

മദർ തെരേസയുടെ ജന്മദിനമായ ആഗസ്റ്റ് 26 ന് അമലഗിരി അരമനയിൽ മദർ തെരേസ അനുസ്മരണ സമ്മേളനം നടത്തി. തദവസരത്തിൽ മദർ തെരേസയുടെ മഹത് വ്യക്തിത്വം പ്രതിപാദിക്കുന്ന "കരുണയുടെ അമ്മ" എന്ന സംഗീത ആൽബത്തിന്റെ പ്രകാശനം 26 ആഗസ്റ്റ് 2016-ൽ അമലഗിരി അരമനയിൽ ശ്രീ. ചുനക്കര ജനാർദ്ദനൻ നായർക്ക് കൊടുത്തുകൊണ്ട് വന്ദ്യ പിതാവ് നിർവ്വഹിച്ചു. പ്രശസ്ത ഗാനരചയിതാവ് ശ്രീ. രാജീവ് ആലുങ്കൽ രചിച്ച ഈ സംഗീത ആൽബം പ്രശസ്ത ഗായകൻ ശ്രീ. രെജു ജോസഫ് പാടി സമർപ്പിച്ചു. മദർ തെരേസ അനുസ്മരണ സമ്മേളനത്തിനുശേഷം "തെരേസ" എന്ന പ്ലാവിൻ തൈ അരമന വളപ്പിൽ വന്ദ്യ പിതാവ് നട്ടു. മദർ തെരേസയുടെ വിശുദ്ധ പദ പ്രഖ്യാപനത്തിന്റെ ഭാഗമായി ആകാശവാണി അവതരിപ്പിച്ച വിശേഷ പരിപാടിയിൽ വന്ദ്യ പിതാവ് പ്രഭാ ഷണം നടത്തി.

**86-ാം പുനരൈക്യ വാർഷികവും സഭാസംഗമവും**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 86-ാം പുനരൈക്യ വാർഷികവും സഭാസംഗമവും കർണ്ണാടകയിൽ മലങ്കര കത്തോലിക്കാ മിഷൻ സ്ഥാപിതമായതിന്റെ സുവർണ്ണ ജൂബിലി ആഘോഷവും പൂത്തൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ 2016 സെപ്റ്റംബർ 17, 18 തീയതികളിൽ നൂജിബാൽത്തിലയിൽ സംഘടിപ്പിച്ചിരിക്കുന്നു.

2016 സെപ്റ്റംബർ 17 ശനി രാവിലെ 10 ന് എം.സി.വൈ.എം അന്തർദ്ദേശീയ ക്വിസ് മത്സരം, ഉച്ചകഴിഞ്ഞ് 2 ന് പുനരൈക്യ പ്രേഷിത വിളംബര റാലി, 4.30 ന് കുടുംബ സംഗമം, 6.30 ന് സുവിശേഷസന്ധ്യ, സെപ്റ്റംബർ 18 ഞായർ രാവിലെ 8 ന് വിശുദ്ധ സമൂഹബലി, 11ന് പെതുസമ്മേളനം എന്നിവയോടെ പുനരൈക്യവാർഷികാഘോഷങ്ങൾ സമാപിക്കും.

**Appointments**

Rt. Rev. Jose Kadakampallil Corepiscopa
Proto Presbyter
Kollam, Eccl. District

Fr. Daniel Kodiyatt, Vicar
Kollam
Kadappakada

# മലങ്കര കാത്തലിക് അസോസിയേഷൻ

## അൽമായ നേതൃത്വ പരിശീലന പരിപാടി

അഖിലേന്ത്യ കാത്തലിക് യൂണിയന്റെയും മലങ്കര കാത്തലിക് അസോസിയേഷൻ മാവേലിക്കര ഭദ്രാസനത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ അൽമായ നേതൃത്വ പരിപാടി അമ്പലത്തുംകാലാ സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് 2016 ആഗസ്റ്റ് മാസം 13-ാം തീയതി രാവിലെ 9 മണിമുതൽ 3 മണി വരെ നടത്തപ്പെട്ടു.

എം.സി.എ മാവേലിക്കര ഭദ്രാസന പ്രസിഡന്റ് ശ്രീ.തോമസ് ജോൺ തേവരേത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന് ശ്രീ. ബാബു അമ്പലത്തുംകാലാ സ്വാഗതം ആശംസിച്ചു. മാവേലിക്കര ഭദ്രാസന അദ്ധ്യക്ഷൻ മോസ്റ്റ്.റവ.ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രപ്പൊലീത്താ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ഭദ്രാസന വൈദിക ഉപദേഷ്ടാവ് ഫാ.ജോർജ്ജ് വർഗ്ഗീസ് കുളഞ്ഞിക്കൊമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു. ശ്രീ. റ്റി.കോശി പാറത്തുണ്ടിൽ യോഗത്തിന് ആശംസ അർപ്പിച്ചു. ശ്രീമതി.മിനി ബാബുവിന്റെ നന്ദി പ്രകാശനത്തോടുകൂടി യോഗനടപടികൾ അവസാനിച്ചു.

തുടർന്ന് നടന്ന പരിശീലനപരിപാടികൾക്ക് ശ്രീ.അലക്സ് എബ്രഹാം സ്വാഗതം ആശംസിച്ചു. കാനൻ നിയമങ്ങളെപ്പറ്റി ഫാ. ബനഡിക്ട് പെരുമുറ്റത്ത് ക്ലാസ്സ് നയിച്ചു. ഉച്ചഭക്ഷണത്തിനു ശേഷം എ.ഐ.സി.യുവിന്റെ ഭരണഘടനയെക്കുറിച്ചും അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെപ്പറ്റി ശ്രീ.തോമസ് ജോൺ തേവരേത്ത് ക്ലാസ്സ് എടുത്തു. ഫാ.അഗസ്റ്റിൻ വാഴവിള, ശ്രീ.എസ്.വൈ.അലക്സാണ്ടർ എന്നിവർ ക്ലാസ്സുകളെപ്പറ്റി വിലയിരുത്തി. ശ്രീ.കെ.ഒ.രാജു ക്ലാസ്സ് നയിച്ചവർക്കും പങ്കെടുത്തവർക്കും കൃതജ്ഞത അർപ്പിച്ചു. ചായസൽക്കാരത്തോ ടുകൂടി പരിപാടികൾ അവസാനിച്ചു.

## ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് അനുസ്മരണ പ്രഭാഷണവും സമ്മേളനവും

ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് അനുസ്മ രണ പ്രഭാഷണവും സമ്മേളനവും എം.സി.എ മാവേലിക്കര ഭദ്രാ സനത്തിന്റെ നേതൃത്വത്തിൽ 2016 ഒക്ടോബർ മാസം 16-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2.30ന് കടമ്പനാട് സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടത്തപ്പെടുന്നു. ഭദ്രാസന പ്രസി ഡന്റ് ശ്രീ.തോമസ് ജോൺ തേവരേത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗം ഭദ്രാസനാദ്ധ്യക്ഷൻ മോസ്റ്റ്.റവ.ജോഷ്വാ മാർ ഇഗ്നാ ത്തിയോസ് മെത്രാപ്പൊലീത്താ ഉദ്ഘാടനം നിർവ്വഹിക്കുന്നതും നിയമസഭാ മുൻ ഡപ്യൂട്ടി സ്പീക്കർ ശ്രീ.പാലോട് രവി മുഖ്യപ്രഭാ ഷണം നടത്തുന്നതുമാണ്.

# പ്രബോധന

**1. ഇടവക സ്ഥിതിവിവര ഫോം**

ഇടവക സ്ഥിതിവിവര ഫോം നൽകാത്തവർ എത്രയും വേഗം നൽകുക. സ്ഥിതിവിവര ഫോം നൽകാത്ത ഇടവകയ്ക്ക് ചോദ്യപേപ്പർ കൃത്യമായി നൽകുവാൻ സാധിക്കില്ല.

**2. വിശ്വാസ പരിശീലന പരിപാലന ദിനം**

വിശ്വാസപരിശീലന പരിപാലന ദിനം ഭംഗിയായി ഇടവകകളിൽ ക്രമീകരിച്ച എല്ലാ ബഹു. വികാരി അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, സൺഡേ സ്കൂൾ പ്രഥമ അദ്ധ്യാപകർക്കും അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും കുട്ടികൾക്കും പ്രബോധനയുടെ നന്ദി.

വിശ്വാസപരിശീലന പരിപാലന ദിനത്തിന്റെ കവർ കളക്ഷൻ ഭദ്രാസനത്തിന്റെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്കായും അന്നേദിവസത്തെ കാണിക്ക ജില്ലയുടെ വിശ്വാസപരിശീലന പ്രവൃത്തനങ്ങൾക്കായും എത്രയും വേഗം എത്തിക്കുക.

**3. സർഗ്ഗോത്സവം – ബൈബിൾ രചനാ മത്സരം 2016**

സർഗ്ഗോത്സവം – ബൈബിൾ രചനാ മത്സരം 2016 സെപ്റ്റംബർ 24 ശനി രാവിലെ 9.00 മുതൽ 4.30 വരെ ജില്ലാ കേന്ദ്രങ്ങളിൽ നടത്തപ്പെടുന്നു. എല്ലാ ഇടവകകളിൽ നിന്നും കുട്ടികളും അദ്ധ്യാപകരും രതനാ മത്സരങ്ങളിൽ പങ്കെടുക്കുക.

**4. ഗുരുവന്ദനം**

സെപ്റ്റംബർ 11 ഞായർ സൺഡേ സ്കൂൾ അദ്ധ്യാപകരെ ഇടവക തലത്തിൽ ആദരിക്കുകയും പ്രത്യേകം

ആഘോഷിക്കുകയും ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ബഹു. വികാരി അച്ചന്റെ നിർദ്ദേശപ്രകാരം സൺഡേ സ്കൂൾ ലീഡർ ഭാരവാഹികൾ, കുട്ടികൾ മാതാപിതാക്കൾ എന്നിവർ ചേർന്ന് നിർവ്വഹിക്കുക.

**5.** 2/8/16 ൽ കടമ്പനാട് ജില്ലയിലെ മതബോധന അദ്ധ്യാപകർക്കായി ക്ലാസ്സ് അടിസ്ഥാനത്തിൽ കോഴ്സ് സംഘടിപ്പിക്കുകയുണ്ടായി. ജില്ലയിലെ എല്ലാ ഇടവകകളിൽ നിന്നും 150 അദ്ധ്യാപകർ പങ്കെടുത്തു. Rev. Sr Unnatha SIC പൊതു ക്ലാസ്സും, ഭദ്രാസനത്തിലൂടെ resource team അംഗങ്ങൾ അദ്ധ്യാപകരെ ക്ലാസുകളായി തിരിച്ച് (Nursery മുതൽ +2 വരെ) പാഠഭാഗങ്ങൾ പഠിപ്പിച്ചു. ഇതിനുവേണ്ട എല്ലാ ക്രമീകരണങ്ങൾ നടത്തിയ ജില്ലാ വികാരി Rev. Dr. Abraham Thalothil, ജില്ലാ Director Varghese Kochukaleekal, ജില്ലാ ആനിമേറ്റർ Sr. Anies SCV, ജില്ലാ സെക്രട്ടറി Thomas Kutty എന്നിവരോടുള്ള പ്രബേധനയുടെ നന്ദി അറിയിക്കട്ടെ.

**6.** 24/8/16 ൽ കറ്റാനം ജില്ലയിലെ മതബോധന അദ്ധ്യാപകർക്കായുള്ള ക്ലാസ്സ് അടിസ്ഥാനത്തിൽ കോഴ്സ് സംഘടിപ്പിക്കുകയുണ്ടായി. ജില്ലയിലെ എല്ലാ ഇടവകകളിൽ നിന്നും 105 അദ്ധ്യാപകർ പങ്കെടുത്തു.

Rev. Sr.ഹൃദ്യ എസ്.ഐ.സി പൊതു ക്ലാസ്സും ഭദ്രാസനത്തിന്റെ resource team അംഗങ്ങൾ അദ്ധ്യാപകരെ ക്ലാസുകളായി തിരിച്ച് (Nursery മുതൽ +2 വരെ ) പാഠഭാഗങ്ങൾ പഠിപ്പിച്ചു. ഇതിനു വേണ്ട എല്ലാ ക്രമീകരണങ്ങൾ നടത്തിയ ജില്ലാവികാരി റവ. ഫാ. ജോസ് വെൺമലോട്ട് ജില്ലാ ഡയറക്ടർ ഫാ. സജീവ് തെക്കേചരുവിൽ ജില്ലാ സെക്രട്ടറി രാജു വലക്കമറ്റം എന്നിവ

രോടുള്ള പ്രബോധനയുടെ നന്ദി അറിയിക്കട്ടെ.

7. സെപ്റ്റംബർ 10 ന് പുത്തൂർ ജില്ലയുടെ ക്ലസ്റ്റർ മീറ്റിംഗ് സെന്റ് ജോർജ് സെൻട്രൽ സ്കൂളിൽ രാവിലെ 9.30 മുതൽ 1.30 വരെ നടത്തപ്പെടുന്നു. കടമ്പനാടും, കറ്റാനത്തും പങ്കെടുക്കാൻ സാധിക്കാത്തവർ നിർബന്ധമായും ഏറ്റവും സൗകര്യ പ്രദമായ ജില്ലയിൽ സംബന്ധിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു.

8. 2016 വർഷത്തെ വിശ്വാസബോധിനിയുടെ വരിസംഖ്യ നൽകാത്ത ഇടവകയ്ക്ക് ഈ ലക്കത്തിനുശേഷം വിശ്വാസബോധിനി ലഭ്യമാകുകയില്ല.

9. 10,+2 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ ഡയറിയുടെ അവസാനഭാഗത്ത് കൊടുത്തിരിക്കുന്ന പരീക്ഷാ രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച് 50 രൂപ രജിസ്ട്രേഷൻ ഫീസോടുകൂടി 2016 ഒക്ടോബർ 1–ാം തീയതിക്കകം കേന്ദ്ര ഓഫീസിൽ എത്തിക്കേണ്ടതാണ്. ഒക്ടോബർ 1 നു ശേഷം രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 100 രൂപയായിരിക്കും, ഒക്ടോബർ 30 നു ശേഷം രജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല.

10. സൺഡേ സ്കൂൾ ഭദ്രാസനതല എക്സിക്യൂട്ടീവ് മീറ്റിംഗ് 2016 സെപ്റ്റംബർ 11–ാം തീയതി ഉച്ചയ്ക്ക് 1 ന് അമ്പലത്തുംകാല സെന്റ് ജോർജ് ദേവാലയത്തിൽ ക്രമീകരിച്ചിരിക്കുന്നു. എല്ലാ ജില്ല directors ഉം ആനിമേറ്റേഴ്സും, ജില്ലാ സെക്രട്ടറിമാരും, എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളും കൃത്യമായി മീറ്റിംഗിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

# ചേതന

## ജീവാമൃതം-ഉദ്ഘാടനം

2016 ഒക്ടോബർ 8-ാം തീയതി ജീവാമൃതം പദ്ധതിയുടെ ഉദ്ഘാടനം ബഹു. ധനകാര്യമന്ത്രി ശ്രീ.തോമസ് ഐസക് ആറാട്ടുപുഴയിൽ വെച്ച് ഉദ്ഘാടനം ചെയ്യും. പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തും. കായംകുളം എം.എൽ.എ അഡ്വ. യു. പ്രതിഭാഹരി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജി വേണു ഗോപാൽ, ചേതന ഡയറക്ടർ ഫാ. ബിന്നി നെടുമ്പുറത്ത്, ആറാട്ടുപുഴ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.എസ്. അജിത, വാർഡ് മെമ്പർമാർ തുടങ്ങി സാംസ്കാരിക രംഗത്തെ പ്രമുഖർ മീറ്റിംഗിൽ പങ്കെടുക്കും. അമല യൂണിറ്റിന് അഭിവന്ദ്യ പിതാവ് പുരസ്കാരം നൽകി ആദരിച്ചു. തിരഞ്ഞെടുത്ത 7 വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം വിദ്യാഭ്യാസ സഹായം വിതരണം ചെയ്തു. ചേതന അസോസിയേറ്റ് ഡയറക്ടർ ഫാ. ലൂക്കോസ് കന്നിമേൽ ഏവർക്കും നന്ദി അർപ്പിച്ചു.

## സഫലം

2016 സെപ്റ്റംബർ 17-ാം തീയതി സഫലം കുട്ടികൾക്കും, അവരുടെ മാതാപിതാക്കൾക്കും ചേതനയിൽ വച്ച് ഡോ. ബ്ലസി വഴുതാനത്തിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസ് നൽകുന്നതാണ്. സഫലം പാനൽ മെമ്പേഴ്സ് വിവിധ

ക്ലാസുകൾ നൽകുന്നു. തുടർന്ന് കുട്ടികൾക്കുള്ള ഓണപരി പാടി നടത്തുന്നതായിരിക്കും. ശ്രീ.ശ്രീകുമാർ കോയിപ്പുറം (10-ാം വാർഡ് മെമ്പർ) മികച്ച സംഘത്തിനുള്ള അവാർഡ് നൽകുകയും ചെയ്തു. ശ്രീമതി. ഷൈലജ വിജയൻ (7-ാം വാർഡ് മെമ്പർ), ശ്രീമതി. ശ്രീലത (8-ാം വാർഡ് മെമ്പർ), ശ്രീമതി. ഉമാദേവി (1-ാം വാർഡ് മെമ്പർ), ശ്രീ. രാജേഷ് (9 -ാം വാർഡ് മെമ്പർ), ശ്രീ. ഷിബികോശി (ഇടവക ട്രസ്റ്റി), ശ്രീമതി. ഷൈനി ആൻഡ്രൂസ് (റീജണൽ ഓഫീസർ), ശ്രീ. ജോസ് ചക്കോലിൽ (ആനിമേറ്റർ), ശ്രീമതി. സൂസൻ ബേബി (പുന്തല), ശ്രീമതി. മേരിക്കുട്ടി റ്റി.എം (പുലിയൂർ) ശ്രീമതി. സഫിയ സലീം (യൂണിറ്റ് സെക്രട്ടറി പുന്തല) എന്നിവർ ചട ങ്ങിൽ സംസാരിച്ചു.

## ചെങ്ങന്നൂർ റീജണൽ വാർഷികവും മികച്ച കർഷരെ ആദരിക്കലും മികച്ച സ്വയം സഹായസംഘത്തിനുള്ള അവാർഡ് ദാനവും

2016 ആഗസ്റ്റ് 20 ശനിയാഴ്ച രാവിലെ പുന്തല തിരു ഹൃദയ മലങ്കര കത്തോലിക്കാ പള്ളിയിൽ വെച്ച് ചെങ്ങന്നൂർ റീജണൽ വാർഷികവും മികച്ച കർഷകരെ ആദരിക്കലും, മികച്ച സ്വയം സഹായസംഘത്തിനുള്ള അവാർഡ് ദാനവും ശ്രീ.കെ.കെ. രാമചന്ദ്രൻ നായർ (എം.എൽ.എ ചെങ്ങന്നൂർ) ഉദ്ഘാടനം ചെയ്തു. ഫാ. ലൂക്കോസ് കന്നിമേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. ബിന്നി നെടുപുറത്ത് ആമുഖ പ്രഭാ ഷണം നടത്തി. ശ്രീമതി പി.സി. അജിത (ചെങ്ങന്നൂർ ബ്ലോക്ക് മെമ്പർ) വാർഷിക റിപ്പോർട്ട് പ്രകാശനം ചെയ്തു. ശ്രീ. ജെബിൻ.കെ. വർഗ്ഗീസ് (ജില്ലാ പഞ്ചായത്ത് മെമ്പർ) മികച്ച കർഷകരെ ആദരിക്കുകയും

## ഓണാവധി

ഓണത്തിനോടനുബന്ധിച്ച് സെപ്റ്റംബർ 12 മുതൽ 15 വരെ ഓഫീസ് അവധിയായിരിക്കും.

## റീജണൽ ഇവാലുവേഷൻ

2016 സെപ്റ്റംബർ 1 ചെങ്ങന്നൂർ, മാവേലിക്കര, സെപ്റ്റംബർ 3 കറ്റാനം, കടമ്പനാട് സെപ്റ്റംബർ 6 കൊല്ലം, പുത്തൂർ റീജണുകളുടെ വിലയിരുത്തൽ ചേതനാ ഓഫീസിൽ വെച്ച് നടത്തുന്നതാണ്.

## സെൻട്രൽ മീറ്റിംഗ്

2016 സെപ്റ്റംബർ 6-ന് ആനിമേറ്റേഴ്സ് മീറ്റിംഗ് അതോടൊപ്പം ഓണപരിപാടിയും ചേതനയിൽ വച്ച് നടത്തപ്പെടുന്നതാണ്.

## ചേതന വാർഷിക സമ്മേളനം, കാർഷിക സമൃദ്ധി അവാർഡ് ദാനം

2016 ആഗസ്റ്റ് 23 ചൊവ്വാഴ്ച ചേതനയുടെ വാർഷിക സമ്മേളനം ആലപ്പുഴ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. ഒലിമ ജോജോ ചേതന ഓഫീസ് കായംകുളത്ത് വെച്ച് ഉദ്ഘാടനം ചെയ്തു. ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നാം നേതൃത്വം നൽകണമെന്ന് സദസ്സിനെ അഭിസംബോദന ചെയ്തുകൊണ്ട് ശ്രീമതി. ദലീമ ജോജോ പറഞ്ഞു. ചേതന ഡയറക്ടർ ഫാ. ബിന്നി നെടുംപുറത്ത് ഏവർക്കും സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ ചേതന സമൃദ്ധി 4-ാം ഘട്ടം കായംകുളം നഗരസഭ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ ശ്രീമതി. ഷീബ ദാസ് മുളപ്പിച്ച പച്ചക്കറി വിത്തുകൾ സൺഡേ ഷാലോം റിപ്പോർട്ടർ ശ്രീ. വൈ. ശാമുവേലിനു നൽകികൊണ്ട് ഉദ്ഘാടനം ചെയ്തു. കിഴക്കേ കണ്ടത്തിൽ മത്തായി-മേരിക്കുട്ടി മെമ്മോറിയൽ സമൃദ്ധി 2016 കർഷക അവാർഡ് അഭിവന്ദ്യ പിതാവ് മികച്ച കർഷക ശ്രീമതി.സതീഭായി ശശീന്ദ്രനു (പുന്തല യൂണിറ്റ്) നൽകി ആദരിച്ചു. ചേതനയുടെ വാർഷിക റിപ്പോർട്ട് കായംകുളം നഗരസഭ കൗൺസിലർ ശ്രീ. അശ്വിനി ദേവ് പ്രകാ

ശനം ചെയ്തു. ആദ്യപതിപ്പ് കടമ്പനാട് റീജണൽ ഡയറക്ടർ ഫാ. ജോർജ്ജ് കോട്ടപ്പുറത്തിന് കൈമാറി. ബ്ലഡ് ഡൊണേഷൻ സെൽ ചെയർമാൻ ശ്രീ. മുഹമ്മദ് ഷമീർ കിഡ്നി ദാനം നൽകി സമൂഹത്തിന് മാതൃകയായ ശ്രീമതി. ലേഖ നമ്പൂതിരിയെ പരിചയപ്പെടുത്തുകയും അഭിവന്ദ്യ പിതാവ് പുരസ്കാരം നൽകി ആദരിക്കുകയും ചെയ്തു. S.S.L.C, +2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികളെ പുരസ്കാരം നൽകി ആദരിച്ചു. അതോടൊപ്പം മികച്ച സ്വയംസഹായ സംഘങ്ങളായ ശ്രേയസ്സ് (ശൂരനാട് യൂണിറ്റ്), സ്നേഹ (തുവയൂർ യൂണിറ്റ്) എന്നിവർക്കും മികച്ച യൂണിറ്റ് ശൂരനാട്, അമലാ യൂണിറ്റിനും അഭിവന്ദ്യ പിതാവ് പുരസ്ക്കാരം നൽകി ആദരിച്ചു.

## കാരുണ്യവർഷ സംഗമം- കറ്റാനം ജില്ല

മാവേലിക്കര ഭദ്രാസനത്തിന്റേയും ചേതനയുടേയും സംയുക്താഭിമുഖ്യത്തിൽ 2016 ആഗസ്റ്റ് 21 ന് കറ്റാനം സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വെച്ച് കാരുണ്യവർഷം പരിപാടി നടത്തി. തുടർന്ന് ആശാകിരണം വോളന്റിയേഴ്സ് ആയി തിരഞ്ഞെടുത്തിട്ടുള്ള 17 വ്യക്തികൾക്ക് ഐഡി കാർഡ് നൽകി. ഈ പരിപാടിയിൽ 1000 ൽ പരം ആളുകൾ പങ്കെടുത്തു. കാരുണ്യ പ്രവർത്തനങ്ങൾക്കായി 1,48,000/- രൂപയുടെ വിഭവങ്ങൾ സമാഹരിച്ചു. മഹാത്മ- അടൂർ, ശാന്തി സദനം, കടമ്മനിട്ട, കരുണാലയം- ചെങ്ങന്നൂർ, ശാന്തിഭവൻ-പത്തനാപുരം എന്നീ സ്ഥാപനങ്ങളിലും, മറ്റ് അർഹതപ്പെട്ട കുടുംബങ്ങൾക്കും, വ്യക്തികൾക്കുമായി സാധനങ്ങൾ എത്തിച്ചുകൊടുത്തു. ഇതിനോടു സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

## ആശാകിരണം ക്യാൻസർ സുരക്ഷാ പദ്ധതി

കാരിത്താസ് ഇൻഡ്യയും, പത്തനംതിട്ട ക്ലസ്റ്ററും ചേർന്ന് നടത്തിയ ആശാകിരണം പരിപാടിയിൽ തിരുവല്ല അതിരൂപത ആർച്ച് ബിഷപ്പ് മോസ്റ്റ് റവ.ഡോ.തോമസ് മാർ കൂറിലോസ് പിതാവ് അദ്ധ്യക്ഷത വഹിച്ചു. ഈ യോഗത്തിൽ ഫാ. തോമസ് പയ്യംപള്ളിൽ സ്വാഗതം ആശംസിച്ചു. ആമുഖപ്രഭാഷണം ഫാ.പോൾ മുഞ്ഞേലി (അസി.ഡയറക്ടർ കാരിത്താസ് ഇന്ത്യ) ഉദ്ഘാടനം മോസ്റ്റ് റവ.ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ (ബിഷപ്പ് ആലപ്പുഴ രൂപത) സന്നദ്ധ പ്രവർത്തന ഉദ്ഘാടനം മോസ്റ്റ് റവ. ഡോ. ജോഷ്വ മാർ ഇഗ്നാത്തിയോസ് (ബിഷപ്പ് മാവേലിക്കര രൂപത) കൈ പുസ്തക പ്രകാശനം മോസ്റ്റ് റവ. യൂഹാനോൻ മാർ ക്രിസോസ്റ്റം (ബിഷപ്പ് പത്തനംതിട്ട രൂപത) ആശാകിരണം തിം സോംഗ് സി.ഡി. പ്രകാശനം ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ (എക്സി. ഡയറക്ടർ കെ. എസ്.എസ്.എഫ്) ആശംസ ഫാ. സേവ്യർ കുടിയാശ്ശേരിൽ (ഡയറക്ടർ ഏ.ഡി.എസ്) ഫാ ജോയി സാമുവേൽ (പി.എസ്.എസ്. ഡയറക്ടർ) ഫാ ബോബി മലഞ്ചെരുവിൽ (ഡയറക്ടർ അനുഗ്രഹ പത്തനംതിട്ട), ലാവണ്ടർ ക്യാന്റിൽ ദീപം പകർന്ന് നൽകൽ മാസ്റ്റർ സുബിൻ, ലാവണ്ടർ റിബൺ ക്യാമ്പയിൻ ഉദ്ഘാടനം ഡോ. വി. ആർ ഹരിദാസ് എന്നിവർ നടത്തി. ഫാ. ബിന്നി നെടുംപുറത്ത് നന്ദി പ്രകാശിപ്പിച്ചു.

## കൊല്ലം റീജണൽ വാർഷികവും മികച്ച കർഷകരെ ആദരിക്കലും സ്വയം സഹായ സംഘത്തിനുള്ള അവാർഡ് ദാനവും.

2016 ജൂലൈ 30 ശനിയാഴ്ച രാവിലെ മുഖത്തല സെന്റ് ജൂഡ് എൽ.പി.എസ് ആഡിറ്റോറിയത്തിൽ വെച്ച് കൊല്ലം റീജിയണൽ വാർഷികവും മികച്ച കർഷകരെ ആദരിക്കലും സ്വയം സഹായ സംഘത്തിനുള്ള അവാർഡ് ദാനവും ശ്രീമതി ബിനി തോമസ് (വാർഡ് മെമ്പർ ആലുംമൂട് ) ഉദ്ഘാടനം ചെയ്തു ഫാ. ജെയിൻ തെങ്ങുവിള അദ്ധ്യക്ഷത വഹിച്ചയോഗത്തിൽ

ഫാ. ബിന്നി നെടുംപുറത്ത് മുഖപ്രഭാഷണം നടത്തി. ശ്രീമതി. ചിത്രാ വത്സല (ബ്ലോക്ക് മെമ്പർ) വാർഷിക റിപ്പോർട്ട് പ്രകാശനം ചെയ്തു. ഫാ. അഗസ്റ്റിൻ വാഴവിള (യൂണിറ്റ് ഡയറക്ടർ അമ്പലത്തും കാല) കർഷകരെ ആദരിച്ചു. ശ്രീ. റജി രാജു (റീജിയണൽ ഓഫീസർ) മികച്ച സംഘത്തിനുള്ള അവാർഡ് നൽകി. ശ്രീ ആൽബർട്ട് (ഇടവക ട്രസ്റ്റി) ശ്രീ. ലാലു (ഇടവക കമ്മിറ്റി അംഗം), ശ്രീമതി. സുജ സജി (സി.ഒ കുണ്ടറയൂണിറ്റ്, ശ്രീമതി. മോനി ബി തോമസ് (ആനിമേറ്റർ,കൊല്ലം) ശ്രീമതി. രാജി ആന്റണി (സി. ഒ മുഖത്തല യൂണിറ്റ്) ശ്രീമതി ബീന സുബി (യൂണിറ്റ് സെക്രട്ടറി, മുഖത്തല) എന്നിവർ യോഗത്തിൽ സംസാരിച്ചു.

## കെ.സി.ബി.സി വനിതാ കമ്മീഷൻ സൗത്ത് സോൺ വനിതാ വാർഷിക കൺവൻഷൻ റിപ്പോർട്ട്

കേരളാ കത്തോലിക്കാ മെത്രാൻ സമിതിയുടെ വനിതാ കമ്മീഷൻ സൗത്ത് സോൺ വാർഷിക കൺവൻഷൻ 2016 ആഗസ്റ്റ് 20-ാം തീയതി രീവിലെ 9.30 മുതൽ 2.00 വരെ പുന്നമൂട് സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് നടക്കുകയുണ്ടായി.

കൺവനൻഷനോടനുബന്ധിച്ച് സ്ത്രീ പങ്കാളിത്തം കുടുംബത്തിലും സഭയിലും സമൂഹത്തിലും എന്ന വിഷയത്തെ ആസ്പദമാക്കി പ്രശസ്ത ഹിപ്നോ തെറാപ്പിസ്റ്റ് ഡോ.ലീലാമ്മ എബ്രഹാം തിരുവല്ല ക്ലാസ്സ് നയിക്കുകയുണ്ടായി.

ഒരു നല്ല കുടുംബം എങ്ങനെ രൂപപ്പെടുത്താമെന്നും, ഒരു നല്ല കുടുംബജീവിതം എങ്ങനെ നയിക്കാമെന്നും നിരവധി ഉദാഹരണങ്ങളിലൂടെ ഡോ.ലീലാമ്മ എബ്രഹാം വിവരിക്കുകയുണ്ടായി. എന്തുകൊണ്ട് നല്ല കുടുംബങ്ങൾ ഉണ്ടാകുന്നില്ല എന്നതിനെ സംബന്ധിച്ചും, അതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളെ സംബന്ധിച്ചും ആനുകാലിക സംഭവങ്ങളെ കോർത്തിണക്കി നടത്തിയ ക്ലാസ്സ് അംഗങ്ങൾക്ക് തികച്ചും പ്രയോജനപ്രദമായിരുന്നു.

ക്ലാസ്സ് നയിക്കുവാനെത്തിയ ഡോ.ലീലാമ്മ എബ്രഹാമിനെ

കെ.സി.ബി.സി വനിതാ കമ്മീഷന്റെ ജോയിന്റ് സെക്രട്ടറി പ്രൊഫസർ ജിബി വർഗ്ഗീസ് സദസ്സിന് പരിചയപ്പെടുത്തുക യുണ്ടായി.

ക്ലാസ്സിനു ശേഷം പൊതു സമ്മേളനം നടത്തുകയുണ്ടായി. കെ.സി.ബി.സി വനിതാ കമ്മീഷൻ തെക്കൻ മേഖലയുടെ സെക്രട്ടറി ശ്രീമതി.അന്ന പൊന്നച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനത്തിൽ തെക്കൻ മേഖലാ ഡയറക്ടർ ഫാ.ചെറിയാൻ മായിക്കൽ സ്വാഗതം പറയുകയുണ്ടായി.

കെ.സി.ബി.സി വനിതാകമ്മീഷന്റെ ചെയർമാൻ മോസ്റ്റ്. റവ.ഡോ.ജോസഫ് മാർ തോമസ് പിതാവ് ആമുഖ സന്ദേശവും നൽകുകയുണ്ടായി. സ്ത്രീകൾ സമൂഹത്തിന്റെ വിവിധ മേഖലകളിൽ നടത്തിയ മുന്നേറ്റങ്ങളെ സംബന്ധിച്ച് ഉദ്ബോധിപ്പിക്കുകയും സഭയിൽ വനിതകൾ ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ സഭയ്ക്കും, സമൂഹത്തിനും ശക്തി പകരട്ടേയെന്ന് പിതാവ് ആശംസിക്കുകയുണ്ടായി.

പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പുനലൂർ രൂപതാ അദ്ധ്യക്ഷൻ റവ.ഫാ.സിൽവസ്റ്റർ പൊന്നുമുത്തൻ പിതാവ് സ്ത്രീകൾ സമൂഹത്തിൽ ചെലുത്തിയതും, ചെലുത്തുന്നതുമായ സ്വാധീനങ്ങളെ സംബന്ധിച്ചും വിവരിക്കുകയും സ്ത്രീകൾ കാലത്തിന്റെ സൂചനകൾ മനസ്സിലാക്കി വിശുദ്ധിയോടെ ജീവിക്കുന്ന പ്രവാചകരായി മാറട്ടേയെന്ന് ആശംസിക്കുകയും ചെയ്തു.

പൊതു സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്രൊലീത്താ നടത്തിയ മുഖ്യ പ്രഭാഷണം കെ.സി.ബി.സിയിലെ വിവിധ കമ്മീഷനുകളുടെ വളർച്ച സ്ത്രീകളുടെ പങ്കിനെ സംബന്ധിച്ച് പറയുകയുണ്ടായി.

ശ്രീമതി.ഡെൻസി ലൂക്കാച്ചൻ, ശ്രീമതി.ജെയിൻ

ആൻസിൽ ഫ്രാൻസിസ്, പ്രൊഫ.ജിബി വർഗ്ഗീസ് എന്നിവർ ചടങ്ങിന് ആശംസയർപ്പിച്ചു.

വനിതാകമ്മീഷന്റെ വിവിധ പ്രോജക്ടുകളായ ഹരിതകേരളപദ്ധതിയുടെ ഉദ്ഘാടനം ഫാ.ജോർജ് ചരുവിള കോർ എപ്പിസ്കോപ്പ നിർവഹിക്കുകയുണ്ടായി. ആശ്വാസ് പദ്ധതിയുടെ ഉദ്ഘാടനം ഫാ.ബനഡിക്ട് പെരുമറ്റം നിർവഹിച്ചു. കൂടാതെ സ്തുത്യർഹമായ സേവനം നടത്തിയ ശ്രീമതി.ലീലാമ്മ ജേക്കബ് തിരുവാലിൽ, ശ്രീമതി.ജയിൻ ആൻസ്, അഡ്വ.വത്സാ ജോൺ, ശ്രീമതി ത്രേസ്യാമ്മ, ശ്രീമതി.ഷിബി വർഗ്ഗീസ്, ശ്രീമതി.ജയിനമ്മ എന്നിവരെ ചടങ്ങിൽ ആദരിക്കുകയുണ്ടായി.

കെ.സി.ബി.സി വനിതാകമ്മീഷൻ ശ്രീമതി.അൽഫോൻസാ പൊതുസമ്മേളനത്തിൽ കൃതജ്ഞത അർപ്പിക്കുകയും തുടർന്ന് പാപ്പമംഗളത്തോടെ സമ്മേളനം അവസാനിക്കുകയും ചെയ്തു.



## 2016 സെപ്റ്റംബർ മാസത്തിലെ പ്രാർത്ഥനാ നിയോഗങ്ങൾ

**പൊതുനിയോഗം:** എല്ലാ യുവജനങ്ങൾക്കും വിദ്യാഭ്യാസത്തിനും തൊഴിലിനുമുള്ള അവസരങ്ങൾ ലഭിക്കുന്നതിന്

**പ്രേഷിതനിയോഗം:** തങ്ങൾ പ്രഘോഷിക്കുന്ന വിശ്വാസത്തിന് ചേരുന്ന വിധം മതാധ്യാപകർ ജീവിതം വഴി സാക്ഷികളാകുവാൻ

# സ്മരണീയ ദിനങ്ങൾ

**സെപ്റ്റംബർ**

| | | |
|---|---|---|
| **01** | **-** | **എട്ടുനോമ്പാരംഭം** |
| **02** | **-** | **മാർ ശെമവൂൻ ദസ്തൂനി** |
| **05** | **-** | **വാഴ്ത്തപ്പെട്ട മദർതെരേസ** |
| **08** | **-** | **പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ<br>എട്ടുനോമ്പു വീടൽ** |
| **09** | **-** | **മാർ യൊവാക്കീമും മാർത്താ ഹന്നായും** |
| **14** | **-** | **സ്ലീബാപ്പെരുന്നാൾ** |
| **15** | **-** | **വ്യാകുല മാതാവ്** |
| **16** | **-** | **വി. സിപ്രിയാൻ** |
| **19** | **-** | **വി. ജനുവാരിയോസ്** |
| **20** | **-** | **മലങ്കര പുനരൈക്യദിനം** |
| **21** | **-** | **തോമസ് മാർ യൗസേബിയൂസ്<br>പിതാവിന്റെ മെത്രാഭിഷേക വാർഷികം** |
| **23** | **-** | **വി. പാദ്രെ പിയോ** |
| **27** | **-** | **വി. വിൻസെന്റ് ഡി പോൾ** |
| **28** | **-** | **സഖറിയാസ് മാർ അത്താനാസിയോസ്<br>പിതാവിന്റെ ഓർമ്മ** |
| **29** | **-** | **മുഖ്യദൂതന്മാരായ വി. മിഖായേൽ,<br>വി. ഗബ്രിയേൽ, വി. റഫായേൽ** |
| **30** | **-** | **വി. ജറോം, വി. സോഫിയാ** |

# *Let us Remember, Congratulate and Pray....*



**SEPTEMBER**

**Birthday**

| | | |
|---|---|---|
| Fr. Geevarghese Vaidyan | - | September 08 |
| Fr. Daniel Mangalathu | - | September 09 |
| Fr. Daniel Thekkedathu | - | September 10 |
| Fr. Samuel Paickattethu | - | September 20 |
| Fr. Job Kalluvilayil | - | September 27 |
| Fr. Geevarghese Chakkapoottil | - | September 29 |

**Feast Day**

| | | |
|---|---|---|
| Fr. Robert Palavilayil | - | September 17 |
| Fr. Mathew Karoor | - | September 21 |
| Fr. Siji Mathew Thadathil | - | September 21 |

**Ordination day**

| | | |
|---|---|---|
| Fr. Siji Mathew Thadathil | - | September 22 |

# Programme Diary of His Grace

## September

| Date | Venue / Function | Time |
|---|---|---|
| 0-06 | Rome/ Canonization of Mother Teresa | |
| 07 | Harippadu/ Thirunnal | 04.00 AM |
| 08 | Kizhaketheruvu | 11.00 AM |
| | Cathedral | 05.00 PM |
| 09 | Delhi/ CBCI Education Meet | 05.00PM |
| 10 | Kattanam | 11.00 AM |
| 11 | Venmony | 08.00 AM |
| | Kattanam | 11.00 AM |
| | | |
| 14 | Kottayam/ UCPI | 09.00 AM |
| 15-16 | Puttur/ Holy Episcopal Synod | 11.00 AM |
| 17-18 | Puttur/ 86rd Re Union celebrationns | |
| 19-20 | Bathery/ Cathedral Blessing | |
| 21-23 | Bangalore/ CBCI standing committee | |
| 24 | Madras/ MITHRA | |
| 25 | Kadampanadu/ Jubilee Year of Mercy/ District level Meet | 09.00 AM |
| 26 | Trivandrum | 11.00 AM |
| 27 | Thuvayoor Vincentian Convent | 06.30 AM |
| | Poruvazhy | 08.30 AM |
| | Amalagiri/ Shalom Recording | 02.00 PM |
| 28 | Kozhikodu | |
| 30- Oct 3 | Kolkata | |